Shri K. G. Karunakara Menon : Sir, I second it.

Mr. Speaker : I think the House agrees.

(The House signified agreement).

The time for the presentation of the Report of the Select Committee on the Kerala Land Development Bill, 1963, was extended till the 18th February, 1964.

Minister for Home Affairs (**Shri P. T. Chacko**): Sir, I move that the time for the presentation of the Report of the Select Committee on the Kerala Land Revenue Settlement and Assessment (Revival) Bill, 1963 be extended till the 30th June, 1964.

Minister for Food and Agriculture (**Shri E. P. Poulose**) : Sir, I second the motion.

Shri P. T. Chacko : Sir, I may be permitted to say a few words.

സർ, കേരളത്തിൽ ലാൻറ് റവന്യ ആയി പിരിച്ചുകൊണ്ടിരുന്നതു് ബേസിക് ടാക്സ് എന്നറിയപ്പെട്ടന്ന ലാൻറ് ടാക്സായിരുന്നു. കോടതികളുടെ വിധിയനുസരിച്ചു് അതു് അസാധുവായിപ്പോയി. ആദ്യം ഈ നിയമം അസാധുവാക്കിയപ്പോൾ ഗവണ്മെൻറ് നിയമോപദേശം തേടുകയും ചില ഭേദഗതികളോടുകൂടി ഈ നിയമസഭയിൽ പാസാക്കി വീണ്ടും പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. എങ്കിലും അതു് അസാധുവായിപ്പോയി. ഈ പരിതഃസ്ഥിതിയിൽ ഏതെങ്കിലും നിലയിൽ ഈ നികുതി പരിഷ്കരിക്കേണ്ടതു് ആവശ്യമായതുകൊണ്ടു് വിദഗ്ദ്ധ നിയമോപദേശത്തിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണു് ഈ ബില്ലു്. ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ചു് ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു. സഭയിലുണ്ടായ വിമർശനങ്ങളിൽ വളരെയധികവും ഈ ബില്ലിൽ അപ്പോഴുള്ള വ്യവസ്ഥകൾക്കു എതിരായിരുന്നു. ബില്ലിൽതന്നെ കാര്യമായ വ്യത്യാസം വരുത്തേണ്ടതുണ്ടെന്നു്—ഇങ്ങനെ ഒരു നിയമം ആവശ്യമാണെങ്കിൽ—ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും അഭിപ്രായപ്പെട്ടകയുണ്ടായി. തന്നെയുമല്ല ഈ ബില്ലുകൊണ്ടു് ബേസിക് ടാക്സ് പിരിക്കുന്നതിനുള്ള നിയമം അസാധുവായപ്പോൾ മലബാറിലും കൊച്ചിയിലും സെറ്റിൽമെൻറു ചെയ്തു് കഴിഞ്ഞിരുന്നതിരുവിതാംകൂർ ഭാഗത്തെ, സംബന്ധിച്ചു്, സ്ഥിതിഗതി കുറെക്കൂടി വ്യത്യസ്ഥമായിരുന്നു. ഇവിടെ സെറ്റിൽമെൻറു നടന്നിട്ടു് ദീർഘകാലമായി. വളരെയധികം നികുതികൾ പിരിക്കേണ്ടതുണ്ടായിരുന്നു. ഇതിലൊക്കെ അടങ്ങിയിരിക്കുന്ന പ്രായോഗിക വൈഷമ്യങ്ങൾ ഗവണ്മെൻറു് കാണുന്നുണ്ടു്. മറ്റൊരു സെറ്റിൽമെൻറു നടത്തി വേഗം നികുതികൾ പിരിക്കുക എളുപ്പമായിരുന്നില്ല. ഈ ചുറ്റുപാടിൽ ഈ സഭയിലുണ്ടായ വിമർശനങ്ങളുടെ വെളിച്ചത്തിൽ കുറെക്കൂടി, ജനങ്ങൾക്കു് സൗകര്യപ്രദമായ വിധത്തിൽ നിയമ വിധേയമാക്കി ഭൂനികുതി ഏർപ്പാടിനു് ആവശ്യമായ നിയമം കൊണ്ടുവരാൻ കഴിയുമോയെന്നു് ഗവണ്മെൻറു ആലോചിച്ചു. സർ, ഇതിൻെറ ഫലമായി പ്ലാനിംഗ് കമ്മീഷനുമായി ചില ചർച്ചകൾ നടത്തേണ്ടിവന്നു. 17—ാം ഭേദഗതി ബിൽ പാർലമെൻറിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണു്. കേരളത്തിൽ ഭൂനികുതി പിരിക്കുന്നതിനുണ്ടായിട്ടുള്ള പ്രത്യേക വൈഷമ്യങ്ങൾ പരിഗണിച്ചും, അതിനാവശ്യമായ ഒരു നിയമം കൊണ്ടുവരുന്നതിനുണ്ടാകുന്ന പല ബുദ്ധിമുട്ടുകളെ കണക്കിലെടുത്തും, ബേസിക് ടാക്സ് പിരിക്കുന്നതിനു് അനുമതി നൽകിയിരുന്ന ആ നിയമം, അതു് ജനങ്ങൾക്കു് വളരെ സൗകര്യപ്രദമായ ഒരു നിയമമായിരുന്നുവെന്നുള്ളതുകൂടി ഓർത്തുകൊണ്ടു് ഭരണഘടനയുടെ 9—ാം ഷെഡ്യൂളിൽപെടുത്താൻ കഴിയുമോ എന്നുള്ളതിനെപ്പറ്റിയാണു് പ്ലാനിംഗ് കമ്മീഷനുമായി ആലോചിച്ചതു്. ടാക്സേഷൻ നിയമങ്ങൾ സാധാരണ 9—ാം ഷെഡ്യൂളിൽ പെടുത്താറില്ല. പക്ഷേ ഭരണഘടനയനുസരിച്ചു പെടുത്തിക്കൂടെന്നില്ല. പ്രധാനമായും ജനങ്ങൾക്കു കൂടുതൽ സൗകര്യം നൽകുന്ന ഒരു നിയമം, സാങ്കേതികമായിമാത്രം അതു് അസാധുവായിയെങ്കിലും, മറ്റൊരു നിയമം കൊണ്ടുവരുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങളേയും, കരു

LIBRARY ARCHIVES Kerala Legislative Assembly

നിയമം കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ടുകളേയും പരിഗണിച്ച് ഷെഡ്യൂളിൽ ചേർക്കുന്നതിനു് കഴിയുമെങ്കിൽ അതു് എളുപ്പമുള്ള ഒരു മാർഗ്ഗമായിരിക്കുമെന്നു് ഗവണ്മെൻറിനു തോന്നി. അങ്ങനെ ചേർക്കുന്നതിനു് നിയമപരമായി തടസ്സമില്ലെന്നാണു് ഗവണ്മെൻറിനു കിട്ടിയ ഉപദേശം. ഇതു സംബന്ധിച്ചു് പ്ലാനിംഗ് കമ്മീഷനുമായി ചർച്ചകൾ നടത്തിയിട്ടുണ്ടു്. പ്ലാനിംഗ് കമ്മീഷനെ സംബന്ധിച്ചിടത്തോളം കേരളഗവണ്മെൻറിനുണ്ടായ ബുദ്ധിമുട്ടു് കമ്മീഷനു് നല്ലപോലെ ബോദ്ധ്യമായിട്ടുണ്ടു്. അതാണു് ഇന്നത്തെ നില. ഒരുപക്ഷെ 17—ാം ഭേദഗതിബില്ലിൽ ഈ നിയമംകൂടി ചേർത്താൽ ഇന്നുള്ള ഭരണഘടനാ വൈവിദ്ധ്യം ഇല്ലാതാകുന്നതാണു്. അതോടുകൂടി അതു് ഊർജ്ജിതത്തിൽ വരുകയും ചെയ്യും. അതു് ജനങ്ങൾക്കു് അസൗകര്യമില്ലാത്തതുമാണു്. അതുകൊണ്ടു് ഇതേപ്പറ്റി ആലോചിക്കുന്നതിനുമുമ്പു് ഇന്നതുപോലെ വരുമെന്നു പറയാൻ നിവൃത്തിയില്ല. ഇക്കാര്യം കേരള ഗവണ്മെൻറു് ചെയ്യേണ്ടതല്ല, ഇൻഡ്യൻ പാർലമെൻറു് അംഗീകരിക്കേണ്ട കാര്യമാണു്. ആ നിലയിൽ നടപടികളും നടത്തുന്നതിനു് കുറെ കാലതാമസം വേണ്ടിവരുമെന്നുള്ളതുകൊണ്ടു് ഒരു പ്രാവശ്യംകൂടി ഇതിനു് സമയം നീട്ടിത്തരണമെന്നു് അപേക്ഷിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണു്. സഭ, ഞാൻ പറഞ്ഞ എല്ലാ പരിതഃസ്ഥിതികളേയും പരിഗണിച്ചു് ഈ ജൂൺ 30—ാം തീയതിവരെയുള്ള സമയം ഇതിനു നീട്ടിത്തരുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്കു വച്ചിട്ടു് സെലക്ട് കമ്മിറ്റി ഒരൊറ്റത്തവണപോലും കൂടാതെയാണു് കാലാവധി നീട്ടിത്തരണമെന്നു് മൂന്നാമതു് ആവശ്യപ്പെട്ടതു്. പ്രധാനമായിട്ടും ഈ കാരണം കൊണ്ടുതന്നെയാണു് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നതും. ഇതിനുമുമ്പു് കാലാവധി നീട്ടിത്തരണമെന്നു് ആവശ്യപ്പെട്ട അവസരത്തിലും മന്ത്രി ഇതുപോലെ എന്തൊക്കെയോ പ്രസംഗിച്ചു ഒരു നിയമസഭ ഒരു ബില്ലു് ചർച്ച ചെയ്തിട്ടു് സെലക്ട് കമ്മിറ്റിക്കയച്ചു കഴിഞ്ഞാൽ ആ സെലക്ട് കമ്മിറ്റി ഒരുതവണയെങ്കിലും കൂടണ്ടേ? ഇത്രയും വലിയനിലയിൽ ജനങ്ങൾക്കു് സൗകര്യപ്രദമായ ഒരു നിയമമുണ്ടാക്കാനുള്ള വെമ്പലും പ്ലാനിംഗ് കമ്മീഷനുമായി ചർച്ച ചെയ്ത എന്നൊക്കെ പറയലും ഒരു തരം ബഡായി അല്ലാതെ വേറൊന്നുമല്ല.

Shri R. Reghava Menon: Sir, may I know whether the word 'badai' is parliamentary or not?

മി. സ്പീക്കർ: ബഡായി എന്നു പറയുന്നതു് മലയാളം വാക്കാണോ എന്നറിയാൻ പാടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഈ നിയമസഭ നിയമിച്ച സെലക്ട് കമ്മിറ്റി മെമ്പറന്മാരോടു് ഏതെങ്കിലും ചില ന്യായങ്ങൾ പറയാൻ തയ്യാറില്ലാത്ത ഒരു മന്ത്രി നിയമസഭയുടെ മുമ്പാകെ വന്നിട്ടു് ഇങ്ങനെ പറയുന്നതിനു് ബഡായിയെന്നല്ലാതെ മറെറന്താണു് പേർ വിളിക്കേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ. സാധാരണഗതിയിൽ, ഇത്തരം ഒരു പ്രസ്താവന ചെയ്യുന്നതിനു മുമ്പു് സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടി സെലക്ട് കമ്മിറ്റിയുടെ അഭിപ്രായം എന്നുള്ള നിലയ്ക്കു് സമയം നീട്ടികിട്ടാൻ നിയമസഭയ്ക്കു് റിപ്പോർട്ടു ചെയ്യാവുന്നതാണു്. അങ്ങനെയൊക്കെയാണു് സാധാരണ നടപടി. ഞാൻ ഇതിനെ എതിർക്കാനുള്ള മറെറാരു കാരണം, നിയമസഭയെ ഈ മന്ത്രി അപമാനിച്ചിരിക്കുന്നു എന്നുള്ളതാണു്. ഇക്കണക്കിനു് സെലക്ട് കമ്മിറ്റികളിൽ, ഞങ്ങളും ഇരിക്കണമോ, വേണ്ടയോ എന്നാലോചിക്കേണ്ടിവരും. സെലക്ട് കമ്മിറ്റിക്കയച്ച ഒരു ബില്ലിൻെറ കാര്യത്തിൽ, സെലക്ട് കമ്മിറ്റി ഒരിക്കലെങ്കിലും കൂടാതെ, മന്ത്രിയുടെ ഇഷ്ടംപോലെ സമയം നീട്ടിത്തരണമെന്നു് പറയുന്ന ഈ ഏർപ്പാടു് ശരിയല്ല. സർ, അടിസ്ഥാന നികുതി പിരിവു് വളരെ പ്രധാനമാണു്. എന്നുമാത്രമല്ല പുതുതായിട്ടു് ഉടലെടുത്ത പഞ്ചായത്തുകൾക്കു് കാര്യമായ ഒരു ധനാഗമമാർഗ്ഗം കൂടിയാണു് ഭൂനികുതി. പഞ്ചായത്തു ആക്ട്പ്രകാരം ഭൂനികുതിയുടെ നേർപകുതി പഞ്ചായത്തുകൾക്കു ഗ്രാൻറായി കൊടുക്കണം. ബാക്കി പകുതി പൂരംചെയ്യണം. പഞ്ചായത്തുകൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

ഏർപ്പെടുത്തുമ്പോഴേയ്ക്കും പഞ്ചായത്തുരാജ് ആയിക്കഴിഞ്ഞു എന്നു പറഞ്ഞു നടക്കുന്ന ഈ സംസ്ഥാനത്തിൽ, പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമായ ഭൂനികുതി പിരിവിന്റെ കാര്യത്തിൽ മുഴുത്ത അമാന്തമാണ്, അനാസ്ഥയാണ് കാണിച്ചിട്ടുള്ളതു്. അതിനെ ചാടിക്കടക്കാൻവേണ്ടി പ്ലാനിംഗ് കമ്മിഷനുമായി ചർച്ച ചെയ്തിരിക്കുന്നു. ഭരണഘടനയുടെ 17—ാം ഭേദഗതിയിൽ പെടുത്തണോ, 9—ാം ഷെഡ്യൂളിൽ പെടുത്തണോ എന്നെല്ലാം ആലോചിക്കുന്നു എന്നൊക്കെ പറയുന്നതു വശ്യസനീയമല്ല. മലബാറിലുള്ള കുറെ പാവപ്പെട്ടവർ ഭൂനികുതി കൊടുക്കുന്നുണ്ടു്. അതിനു കൊടുക്കുന്ന രസീതു ഞാൻ കണ്ടിട്ടുണ്ടു്, ലാന്റ് റവന്യൂ അഡ്വാൻസ് എന്നാണു് പറയുന്നതു്. ഇവിടെ പ്രശ്നം ഇതാണു്:—ഒരു ബില്ലു് നിയമസഭയിൽ അവതരിപ്പിച്ചു് സെലക്ട് കമ്മിറ്റിക്കയച്ചു. സെലക്ട് കമ്മിറ്റി കൂടാതിരിക്കുക, കാലാവധി നീട്ടിത്തരണമെന്നു തുടർച്ചയായി ആവശ്യപ്പെടുക—ഇതു് ശരിയായ വഴിയല്ല. ഇവിടെ കേട്ട വാദങ്ങളും ആളുകളുടെ കണ്ണിൽ പൊടിയിടാനാണു് എന്നു തോന്നുന്നു. ഈ ബിൽ വിത്ഡ്രാ ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. ഈ ബില്ലിന്റെ ആവശ്യമില്ല എന്തിനാണു് ഈ ശവവും ഏറികൊണ്ടു നടക്കുന്നതു്. ചത്ത ഒരു ബില്ലിന്റെ ശവവും തലയിലേറ്റി മറ്റു പല ജീവനുള്ളതിന്റെയും കൂട്ടത്തിൽവേറൊരു ദുർഗന്ധവും കൂടിയുണ്ടാക്കുന്നതെന്തിനാണു്? എന്തു നിലയ്ക്കായാലും ശരി തെറ്റു സമ്മതിച്ചു്, സെറ്റിൽമെന്റു് മാക്സു് ചുമത്തുന്നതിനുള്ള ഈ ബില്ലു് വിത്ഡ്രാ ചെയ്തിരിക്കുന്നു എന്നു് അഭിമാനത്തോടുകൂടി പറയുകയാണു് വേണ്ടതു്. അതിനുപകരം മന്ത്രി തയ്യാറായിരിക്കുന്നതെന്തെന്നു മനസിലായി. അതുകൊണ്ടു് ഞാൻ ഈ മോഷനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഈ ബില്ലിനു് അവധി നീട്ടിക്കിട്ടണമെന്നു് മൂന്നാമത്തെ പ്രാവശ്യമാണു് പറയുന്നതു്. ഈ ബില്ലു് സെലക്ട് കമ്മിറ്റിയുടെയച്ചിട്ടു് ഒരൊറ്റ പ്രാവശ്യവും സെലക്ട് കമ്മിറ്റി കൂടിയിട്ടില്ല. വാസ്തവത്തിൽ ന്യായമായും മര്യാദയായും, നിയമസഭയുടെ അന്തസിനനുസരിച്ചും ഗൗരവത്തിനനുസരിച്ചും സെലക്ട് കമ്മിറ്റി കൂടി ബഹുമാനപ്പെട്ട മന്ത്രി ഇന്നു പറഞ്ഞ അഭിപ്രായം ക്രോഡീകരിച്ചു് അതു് ഈ നിയമസഭയ്ക്കു് റിപ്പോർട്ട ചെയ്തു് നിയമസഭയുടെ അംഗീകരണം വാങ്ങുകയായിരുന്നു വേണ്ടതു്. അതു് ചെയ്യാതെ മൂന്നാം പ്രാവശ്യവും അവധി നീട്ടിത്തരണമെന്നു പറയുന്നതു് ന്യായമല്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. മലബാറിനെ സംബന്ധിച്ചിടത്തോളം ഇന്നു് കിട്ടിയാൽ വാങ്ങിച്ചോ, ഇല്ലെങ്കിൽ വേണ്ട എന്നു് നികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം കൊടുത്തിരിക്കുകയാണു്. കിട്ടിയാൽ വാങ്ങിച്ചോ എന്നതിന്റെ അടിസ്ഥാനത്തിൽ കുറെ പാവപ്പെട്ട ആളുകളും നികുതി കൊടുത്തുകൊണ്ടിരിക്കുന്നുണ്ടു്. കൊടുക്കാത്ത ആളുകളെ സംബന്ധിച്ചിടത്തോളമാണെന്നുണ്ടെങ്കിൽ ഈ നികുതി കൊടുക്കേണ്ടുന്ന കാലഘട്ടം വരുമ്പോഴേയ്ക്കും ഒന്നിച്ചു് വളരെ ഭാരിച്ച ഒരു സംഖ്യ കൊടുക്കേണ്ടതായി വരുന്നു. അതുകൊണ്ടു് ഈ നാട്ടിലുള്ള ബഹുജനങ്ങൾക്കു് പിൽക്കാലത്തു് ഒരു ഗതികേടു് ഉണ്ടാകരുതെന്നുള്ള ആഗ്രഹംകൊണ്ടാണു് ഈ ബിൽ പിൻവലിക്കണം ഇല്ലെങ്കിൽ മറ്റു പോംവഴികളും കണ്ടുപിടിക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നതു്. ഇനി അവധി നീട്ടികിട്ടണമെന്നു പറയുന്നതിൽ യാതൊരു കഴമ്പുമില്ല. അതുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുകയാണു്.

ശ്രീ. പി. നാരായണൻനമ്പ്യാർ: സർ, സമയം നീട്ടികിട്ടണമെന്ന മന്ത്രിയുടെ പ്രമേയത്തെ എതിർക്കാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല. പ്രധാനമായും എന്റെ സുഹൃത്തുക്കൾ പറഞ്ഞിട്ടുള്ള കാരണമല്ല എനിക്കു പറയാനുള്ളതു്. ബഹുമാനപ്പെട്ട മന്ത്രി എനിക്കു് ഉറപ്പുതരുകയാണെന്നുണ്ടെങ്കിൽ പിൻവലിക്കാൻ ഞാൻ തയ്യാറാണു്. ഈ ബേസിക് ടാക്സ് ആക്ട് ഇല്ലാത്തതുകൊണ്ടു് ഗവണ്മെന്റു് ഭൂമികൾ വളരെനാളായി കൈവശം വച്ചിരുന്ന കൃഷിക്കാർക്കു് പതിച്ചുകൊടുക്കാതിരിക്കുകയാണു്. ബേസിക് ടാക്സ് നിയമം റദ്ദാക്കിയതിനുശേഷം അസൈൻമെന്റു് പരിപാടികളും മുഴുവനും നീറ്റിലിട്ടിരിക്കുകയാണു്. മുമ്പൊരു ദിവസം എന്റെ ചോദ്യത്തിനു് മന്ത്രി മറുപടി പറഞ്ഞതു് പട്ടയം കൊടുത്ത അപേക്ഷകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ബേസിക് ടാക്സ് ഇന്നതാണെന്ന നിശ്ചയിക്കേണ്ടി വരും. അതുകൊണ്ട് പട്ടയം കൊടുക്കാൻ നിവൃത്തിയില്ലെന്നാണ്. ഇങ്ങനെ പട്ടയം കൊടുക്കാൻ തടസ്സമുണ്ടെന്നുപരികിൽ ഈ ബില്ലിനെ നഖശിഖാന്തം എതിക്കാതെ നിവൃത്തിയില്ല. ഇങ്ങനെയുള്ള ആയിരക്കണക്കിനു കൃഷിക്കാർ പട്ടയം കിട്ടാതെ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അവർക്ക് കൈവശം മാത്രമാണ് രേഖ. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് ഇതിനു് എന്തെങ്കിലും പോംവഴി കണ്ടുപിടിക്കാൻ തയ്യാറുണ്ടെന്നുപരികിൽ ഇനിയെങ്കിലും കാലതാമസം കൂടാതെ നടപ്പിൽവരുത്താൻ പരിശ്രമിക്കണം. അങ്ങനെ അല്ലാത്തപക്ഷം ഇതിനെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. ടി. ചാക്കോ: എന്റെ സ്നേഹിതന്മാർക്ക് ആവശ്യമെന്നു പറഞ്ഞ നടപടികളാണു സ്വീകരിച്ചതു്. ഇവിടെ സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടി ഈ ബിൽ പിൻവലിക്കണമെന്നൊക്കെ പറഞ്ഞുകേട്ടു. സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടുന്നതിനു വിരോധമില്ല. ശ്രീ. ഗോപാലൻ അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ ഭാഷയിൽ ബഡായി എന്നൊക്കെ പ്പറഞ്ഞെങ്കിലും പ്ലാനിംഗ് കമ്മീഷനുമായി ആലോചിച്ചിട്ടുണ്ട്.
10 a. m. കഴിഞ്ഞതവണ ഈ നിയമസഭ ഇതേപ്പറ്റി ആലോചിച്ചു. അന്നു് ഇതുസംബന്ധിച്ചുള്ള നടപടികളും വ്യക്തമായിരുന്നില്ല. ഇന്നു് പ്ലാനിംഗ് കമ്മീഷനുമായിട്ടു് ഇതുസംബന്ധിച്ചു ആലോചിച്ചിട്ടുണ്ട്. അതുകൊണ്ടു് ഇതു നടപ്പിൽ വരുത്തുവാൻ ഇടയുണ്ട്. ശ്രീ. ഗോപാലനും, ശ്രീ. തമ്പിയും ഈ നിയമം ആവശ്യമില്ലെന്നും, ബേസിക് ടാക്സ് ആവശ്യമുണ്ടെന്നും പറഞ്ഞതു് അതുകൊണ്ടാണു്. ശ്രീ. തമ്പി പറഞ്ഞതുപോലെ അസൈൻമെന്റു് റൂംസ് ഇവിടെവരും. അതിനെ തുടർന്നു് ലാൻഡ് അസസ്മെന്റിൽ കൃഷിക്കാർക്ക് ചെയ്യാവുന്നതെല്ലാം ചെയ്യുവാൻ വിചാരിച്ചിരിക്കുകയാണു്. അതുകൊണ്ടു് ഇതിന്റെ സമയം നീട്ടിത്തരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: സെലക്ട് കമ്മിറ്റിക്കു് അയച്ച ബിൽ പാസാക്കിയെടുക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നാണെ അറിയുന്നതു്. അങ്ങനെയാണെങ്കിൽ അതു പിൻവലിക്കുകയില്ലേ നല്ലതു്?

Mr. Speaker: I will put the motion before the House. The question is that the time be extended till the 30th June 1964. The motion is carried.

Shri E. P. Gopalan: Sir, I demand a poll.

A poll was taken when the House divided as follows:

Ayes—49

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C. Balakrishnan Nambiar
8 ,, T. O. Bava
9 ,, N. Bhaskaran Nair
10 ,, P. Chacko
11 ,, P. T. Chacko
12 ,, G. Chandrasekhara Pillai
13 ,, T. A. Dharmaraja Iyer
14 ,, P. R. Francis
15 ,, K. M. George
16 Shri P. Gopalan
17 ,, M. P. Govindan Nair
18 ,, Thomas John
19 ,, George Joseph Podipara
20 ,, P. S. Karthikeyan
21 ,, K. G. Karunakara Menon
22 ,, T. Krishnan
23 ,, P. R. Krishnan
24 ,, N. S. Krishna Pillai
25 ,, P. Kumaran
26 ,, K. Kunhambu
27 ,, M. Kunjukrishnan Nadar
28 ,, M. Kunhikannan Nambiar
29 ,, N. Kunjuraman

LIBRARY ARCHIVES Kerala Legislative Assembly

30 Smt. Kusumam
31 Shri V. Madura
32 ,, M. M. Mathai
33 ,, T. Murugesan
34 Smt. A. Nafeesath Beevi
35 Shri K. Narayana Kurup
36 ,, M. Narayana Kurup
37 ,, Kuroor Neelakantan Namboodiripad
38 ,, E. P. Poulose
39 ,, A. A. Rahim
40 Shri R. Raghava Menon
41 ,, R. Sankar
42 Smt. O. T. Sarada Krishnan
43 ,, K. R. Saraswathi Amma
44 Shri C. M. Stephen
45 ,, T. A. Thomman
46 ,, P. P. Ummer Koya
47 ,, K. R. Vijayan
48 ,, K. K. Viswanathan
49 ,, C. F. Pereira

Noes—31

1 Shri P. C. Adichan
2 Smt. K. O. Aisha Bai
3 Shri Antony D'Cruz
4 ,, Baby John
5 ,, N. E. Balaram
6 ,, D. Damodaran Potti
7 ,, E. P. Eapen
8 ,, E. P. Gopalan
9 ,, K. V. John
10 ,, Joseph Chazhikattu
11 ,, O. Koran
12 ,, K. Krishnan
13 ,, M. Krishnan
14 ,, R. Krishnan
15 ,, V. R. Krishna Iyer
16 ,, K. Krishna Pillai
17 ,, S. Kumaran
18 ,, P. K. Kunjachan
19 Shri P. M. Kunhiraman Nambiar
20 ,, P. K. Narayanan Nambiar
21 ,, T. C. Narayanan Nambiar
22 ,, P. Narayanan Thampi
23 ,, P. C. Raghavan Nair
24 ,, A. K. Ramankutty
25 ,, P. Ramunni Kurup
26 ,, T. K. Ramakrishnan
27 ,, P. Ravindran
28 ,, E. M. Sankaran Namboodiripad
29 ,, R. Sugathan
30 ,, M. V. Vasu
31 ,, P. Viswambharan

Neutrals—7

1 Shri P. Abdul Majeed
2 ,, K. Avukadarkutty Naha
3 ,, M. P. M. Ahammed Kurikkal
4 ,, K. Hassan Gani
5 ,, K. Moideenkutty Haji
6 ,, Mohsin Bin Ahamed
7 ,, V. P. C. Thangal

Mr. Speaker: For the motion 49.
Against the motion 31
Neutrals 7.

The motion that the time for the presentation of the Report of the Select Committee on the Kerala Land Revenue Settlement and Assessment (Revival) Bill, 1963 be extended till the 30th June 1964, was carried.

Discussion on the Governor's Address

Mr. Speaker: Now, we pass on to the discussion on the Governor's Address. Two days, the 28th and the 29th January, 1964,

LIBRARY ARCHIVES Kerala Legislative Assembly